F.Y.
March 2018

Reg. No. ....................................

Name ........................................

148

Part - III

**BUSINESS STUDIES**

Maximum : 80 Scores

Time : 2½ Hours

Cool off time : **15** Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time.
- Use the 'Cool off time' to get familiar with questions and to plan your answers.
- Read the questions carefully before answering.
- Write answer to the specific number of questions as instructed.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുന്നു.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ വിഭാഗത്തിലും നിർദ്ദേശിക്കപ്പെട്ട എണ്ണം ചോദ്യങ്ങൾക്ക് മാത്രമേ ഉത്തരം എഴുതേണ്ടതുള്ളൂ.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Answer **all** questions from question numbers **1 to 9**. Each question carry **one** mark.

**1.** The broad classification of business activities include ........

a) Trade and Auxiliaries to trade

b) Industry and Commerce

c) Industry and Trade

d) Internal Trade and External Trade **(1)**

**2.** Which among the following is the main characteristic of Hindu Undivided Family Business?

a) Single ownership

b) Transfer of membership

c) Membership by birth

d) Registration is compulsory **(1)**

**3.** VSAT (Very Small Aperture Terminal) is satellite based .......

a) rail transport service

b) communication service

c) banking service

d) air transport service **(1)**

**1** മുതൽ **9** വരെയുള്ള **എല്ലാ** ചോദ്യങ്ങളും ഉത്തരം എഴുതുക. ഓരോ ചോദ്യം **1** മാർക്ക് വീതം.

**1.** ബിസിനസ്സ് പ്രവർത്തനങ്ങളെ പ്രധാനമായി ................ ഉം ................ ഉം ആയി വിഭജിച്ചിരിക്കുന്നു.

a) കച്ചവടവും കച്ചവട അനുബന്ധ പ്രവർത്തനങ്ങളും

b) വ്യവസായവും വാണിജ്യവും

c) വ്യവസായവും കച്ചവടവും

d) ആഭ്യന്തര വ്യാപാരവും ബാഹ്യ വ്യാപാരവും **(1)**

**2.** താഴെ കൊടുത്തിട്ടുള്ളവയിൽ ഹിന്ദു കൂട്ടുകുടുംബ ബിസിനസ്സിന്റെ പ്രധാന സവിശേഷത ഏതാണ്?

a) ഏകാംഗ ഉടമസ്ഥത

b) അംഗത്വ കൈമാറ്റം

c) ജന്മനാൽ കിട്ടുന്ന അംഗത്വം

d) നിർബന്ധിത രജിസ്ട്രേഷൻ **(1)**

**3.** VSAT (Very Small Aperture Terminal) സാറ്റലൈറ്റ് അടിസ്ഥാന മാക്കിയുള്ളത് ............................ ആണ്.

a) റയിൽ ഗതാഗത സേവനം

b) ആശയവിനിമയ സേവനം

c) ബാങ്കിങ് സേവനം

d) വ്യോമ ഗതാഗത സേവനം **(1)**

**4.** An apex bank set up in India to provide financial assistance to small business organizations is .........

a) SIDBI
b) RSBDC
c) IDBI
d) IBRD **(1)**

**5.** Identify the document issued by public companies to invite public to subscribe its shares.

a) Prospectus
b) Memorandum of Association
c) Table A
d) Articles of Association **(1)**

**6.** Fill in the series as per hint given :

a) Equity Shares – Owned Capital
b) Debentures – ...........?............ **(1)**

**7.** Which among the following is against business ethics?

a) Using fair weights and measures
b) Fair treatment to workers
c) Earning reasonable profits
d) Charging unfair price **(1)**

**4.** ചെറുകിട ബിസിനസ്സ് സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട ഉന്നതതല ബാങ്കാണ് ........................... .

a) SIDBI
b) RSBDC
c) IDBI
d) IBRD **(1)**

**5.** പൊതു കമ്പനികൾ അവരുടെ ഓഹരികൾ എടുക്കുന്നതിനായി പൊതുജനങ്ങളെ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന പ്രമാണം കണ്ടെത്തുക.

a) പ്രോസ്പെക്ട്സ്
b) മെമ്മോറാണ്ടം ഓഫ് സോസിയേഷൻ
c) ടേബിൾ A
d) ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ **(1)**

**6.** സൂചനയിൽ ഉള്ളതുപോലെ പരമ്പര പൂർത്തീകരിക്കുക.

a) ഇക്വിറ്റി ഓഹരികൾ – ഉടമസ്ഥത മൂലധനം
b) കടപ്പത്രങ്ങൾ – ...........?............. **(1)**

**7.** താഴെ പറയുന്നവയിൽ ബിസിനസ്സ് സദാചാരത്തിന് നിരക്കാത്തത് ഏത്?

a) ശരിയായ അളവുതൂക്ക സംവിധാനം ഉപയോഗിക്കുന്നു.
b) തൊഴിലാളികളോട് നന്നായി പെരുമാറുന്നു.
c) ഉചിതമായ ലാഭം എടുക്കുന്നു.
d) അമിതമായ വില ഈടാക്കുന്നു. **(1)**

**8.** Find the odd one from the following :

a) Super markets
b) Multiple shops
c) Market traders
d) Mail order houses **(1)**

**9.** Which one of the following is NOT an export document?

a) Letter of credit
b) Bill of Lading
c) Bill of entry
d) Certificate of origin **(1)**

Answer **any five** from question numbers **10 to 15**. Each question carries **two** marks.

**10.** Write any two social responsibilities of business towards consumers. **(2)**

**11.** Suggest any two payment mechanism used in e-Business. **(2)**

**12.** 'A public sector undertaking formed by passing an Act in the Parliament'. Identify it. Give an example. **(2)**

**13.** Write any two merits of retained earnings as a source of finance. **(2)**

**8.** ചുവടെ കൊടുത്തിട്ടുള്ളവയിൽ ഒറ്റയാനെ കണ്ടെത്തുക.

a) സൂപ്പർ മാർക്കറ്റുകൾ
b) മൾട്ടിപ്പിൾ ഷോപ്പുകൾ
c) മാർക്കറ്റ് ട്രേഡർമാർ
d) മെയൽ ഓർഡർ ഹൗസുകൾ **(1)**

**9.** ചുവടെ കൊടുത്തിട്ടുള്ളവയിൽ കയറ്റുമതി പ്രമാണം അല്ലാത്തത് ഏത്?

a) ലെറ്റർ ഓഫ് ക്രെഡിറ്റ്
b) ബില്ല് ഓഫ് ലാഡിങ്
c) ബില്ല് ഓഫ് എൻട്രി
d) സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ **(1)**

**10** മുതൽ **15** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **5** എണ്ണം ഉത്തരം എഴുതുക. ഓരോ ചോദ്യം **2** മാർക്ക് വീതം.

**10.** ഒരു ബിസിനസ്സ് സ്ഥാപനത്തിന് അതിന്റെ ഉപഭോക്താക്കളോടുള്ള ഏതെങ്കിലും രണ്ട് സാമൂഹിക ഉത്തരവാദിത്വങ്ങൾ എഴുതുക. **(2)**

**11.** ഇ-ബിസിനസ്സിൽ ഉപയോഗിക്കുന്ന ഏതെങ്കിലും രണ്ട് പണമടക്കയ്ക്കൽ രീതികൾ നിർദ്ദേശിക്കുക. **(2)**

**12.** പാർലമെന്റിൽ പാസാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന പൊതുമേഖല സ്ഥാപനമാണ് ഇത്. ഈ സ്ഥാപനം ഏതാണ്? ഒരു ഉദാഹരണം എഴുതുക. **(2)**

**13.** ഒരു സാമ്പത്തിക ഉറവിടമെന്ന നിലയിൽ മാറ്റിവയ്ക്കപ്പെട്ട ലാഭത്തിന്റെ ഏതെങ്കിലും രണ്ട് ഗുണങ്ങൾ എഴുതുക. **(2)**

14. Differentiate the terms Licensing and Franchising in connection with international business. **(2)**

15. List any two services rendered by retailers to consumers. **(2)**

Answer **any six** from question numbers **16 to 22**. Each question carries **three** marks.

16. Write any three differences between Profession and Employment. **(3)**

17. There are persons who assemble resources and undertake the necessary steps to form a company. Name such persons. Explain their legal position in the company. **(3)**

18. Write any three differences between departmental undertakings and statutory corporations. **(3)**

19. List out any three features of cottage industries. **(3)**

14. അന്തർദേശീയ വ്യാപാരവുമായി ബന്ധപ്പെട്ട ലൈസൻസിങ്ങ്, ഫ്രാൻഞ്ചൈസിങ്ങ് എന്നിവ തമ്മിലുള്ള വ്യത്യാസം എഴുതുക. **(2)**

15. ചില്ലറ വ്യാപാരി ഉപഭോക്താക്കൾക്ക് നൽകുന്ന ഏതെങ്കിലും രണ്ട് സേവനങ്ങൾ പട്ടികപ്പെടുത്തുക. **(2)**

**16** മുതൽ **22** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **6** എണ്ണം ഉത്തരം എഴുതുക. ഒരോ ചോദ്യം **3** മാർക്ക് വീതം.

16. വിദഗ്ധ തൊഴിലും തൊഴിലും തമ്മിലുള്ള ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ എഴുതുക. **(3)**

17. ഒരു കമ്പനി ആരംഭിക്കുന്നതിന് ആവശ്യമായ വിഭവങ്ങൾ സമാഹരിക്കുന്നതും പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതും ഈ വ്യക്തികളാണ്. അങ്ങനെയുള്ളവർ ഏതു പേരിൽ അറിയപ്പെടുന്നു? ഇവർക്ക് കമ്പനിയിലുള്ള നിയമപരമായ സ്ഥാനം വിശദീകരിക്കുക. **(3)**

18. ഡിപ്പാർട്ട്മെന്റൽ സ്ഥാപനങ്ങളും സ്റ്റാറ്റ്യൂട്ടറി കോർപറേഷനുകളും തമ്മിലുള്ള ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ എഴുതുക. **(3)**

19. കുടിൽ വ്യവസായങ്ങളുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ പട്ടികപ്പെടുത്തുക. **(3)**

**20.** A large retailing unit, selling a wide variety of consumer goods on low price and with self-service concept. Identify it and mention any two advantages. **(3)**

**20.** സ്വയം സേവനം എന്ന തത്വത്തിൽ, കുറഞ്ഞ വിലയ്ക്ക് വിവിധ തരത്തിലുള്ള ഉപഭോക്തൃ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന ഒരു വിപുലമായ ചില്ലറവിൽപ്പന ശാലയാണിത്. ഇതിന്റെ പേരെന്താണ്? ഇവയുടെ 2 നേട്ടങ്ങൾ പരാമർശിക്കുക. **(3)**

**21.** From the items given in brackets, choose the suitable mode of entry into international business for the following cases. (Joint venture, Contract manufacturing, Licensing)

a) Agreement with a manufacturer of foreign country to get the products produced.

b) A contractual arrangement to access the patent or technology of a firm for producing goods in foreign country.

c) Establishing a firm jointly with a foreign partner. **(3)**

**21.** ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ളവയിൽ നിന്നും ചുവടെ തന്നിട്ടുള്ളവയ്ക്ക് അനുയോജ്യമായ അന്തർദേശീയ ബിസിനസ്സ് പ്രവേശന മാർഗ്ഗം തെരഞ്ഞെടുക്കുക.
(സംയുക്ത സംരംഭം, കരാർ ഉൽപ്പാദനം, ലൈസൻസിങ്ങ്)

a) ഒരു വിദേശ ഉൽപ്പാദകനുമായി ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് നൽകുവാനുള്ള ഉടമ്പടി ഉണ്ടാക്കുന്നു.

b) വിദേശ രാജ്യത്ത് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനുള്ള പേറ്റന്റ്, സാങ്കേതിക വിദ്യ മുതലായവ ഉപയോഗിക്കുവാനുള്ള ഉടമ്പടി ഉണ്ടാക്കുന്നു.

c) ഒരു വിദേശ പങ്കാളിയുമായി ചേർന്നുകൊണ്ട് ഒരു സ്ഥാപനം ആരംഭിക്കുന്നു **(3)**

**22.** Briefly explain the objectives of International Monetary Fund. **(3)**

**22.** അന്തർദേശീയ നാണയ നിധിയുടെ ലക്ഷ്യങ്ങൾ ലഘുവായി വിവരിക്കുക. **(3)**

Answer the following question which carries **four** marks.

**23.** Match the following. **(4)**

ചുവടെ തന്നിട്ടുള്ള ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. ചോദ്യത്തിന് **4** മാർക്ക്.

**23.** ചേരുംപടി ചേർക്കുക. **(4)**

| | **A** | | **B** |
|---|---|---|---|
| a) | Formed by an agreement<br>ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിൽ രൂപീകരണം | i) | Joint Stock Companies<br>ജോയിന്റ് സ്റ്റോക് കമ്പനികൾ |
| b) | Not sharing profits<br>ലാഭം വീതിക്കുന്നില്ല | ii) | Cooperative Societies<br>സഹകരണ സംഘങ്ങൾ |
| c) | One Man One Vote<br>ഒരാൾക്ക് ഒരു വോട്ട് | iii) | Partnership business<br>പങ്കാളിത്ത ബിസിനസ്സ് |
| d) | Transferability of shares<br>ഓഹരികൾ കൈമാറ്റം ചെയ്യാം | iv) | Sole proprietorship<br>ഏകാംഗ വ്യാപാരം |

Answer **any two** from question numbers **24 to 26**. Each question carries **four** marks.

**24.** A Business Organization join hands with another one for mutual benefits.

a) Name the type of a business referred here.

b) Describe any three benefits of it. **(4)**

**25.** Distinguish between goods and services. **(4)**

**26.** Mithra opines that e-Business and e-Commerce are the same. Do you agree with her? Justify your answer. **(4)**

**24** മുതൽ **26** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **2** എണ്ണം ഉത്തരം എഴുതുക. ഓരോ ചോദ്യം **4** മാർക്ക് വീതം.

**24.** പരസ്പര നേട്ടങ്ങൾക്കു വേണ്ടി ബിസിനസ്സ് സ്ഥാപനം മറ്റൊന്നുമായി കൈകോർക്കാറുണ്ട്.

a) ഇവിടെ പ്രതിപാദിക്കുന്ന ബിസിനസ്സ് ഏതാണ്.

b) ഇതിന്റെ ഏതെങ്കിലും മൂന്ന് നേട്ടങ്ങൾ വിവരിക്കുക. **(4)**

**25.** സാധനങ്ങളും സേവനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം? **(4)**

**26.** ഇ-ബിസിനസ്സും ഇ-കൊമേഴ്സും ഒന്നാണെന്ന മിത്രയുടെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉത്തരം സാധൂകരിക്കുക. **(4)**

Answer **any three** from question numbers **27 to 30**. Each question carries **five** marks.

**27.** Explain briefly the multiple objectives of a business. **(5)**

**28.** Write notes on different kinds of social responsibilities of a business. **(5)**

**29.** What is meant by Memorandum of Association? Explain any four clauses. **(5)**

**30.** Describe the services rendered by wholesalers to the manufacturers. **(5)**

Answer **any two** from question numbers **31 to 33**. Each question carries **eight** marks.

**31.** Mr. Mohammed and Mr. Sajan entered into an agreement to start a business to share profits. Identify the form of business they decided to start. Explain its four merits and three limitations. **(8)**

**32.** Explain the major functions of Commercial Banks in India. **(8)**

**33.** Explain the various external sources of finance available for a company form of business in our country. **(8)**

**27** മുതൽ **30** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **3** എണ്ണം ഉത്തരം എഴുതുക. ഓരോ ചോദ്യം **5** മാർക്ക് വീതം.

**27.** ബിസിനസ്സിന്റെ ബഹുമുഖ ലക്ഷ്യങ്ങൾ ലഘുവായി വിശദീകരിക്കുക. **(5)**

**28.** ബിസിനസ്സിന്റെ പല തരം സാമൂഹിക ഉത്തരവാദിത്വങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക. **(5)**

**29.** മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്താണ്? അതിലെ നാല് വകുപ്പുകൾ വിവരിക്കുക. **(5)**

**30.** മൊത്തവ്യാപാരികൾ ഉൽപ്പാദകർക്ക് നൽകുന്ന സേവനങ്ങൾ വിവരിക്കുക. **(5)**

**31** മുതൽ **33** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **2** എണ്ണം ഉത്തരം എഴുതുക. ഓരോ ചോദ്യം **8** മാർക്ക് വീതം.

**31.** മിസ്റ്റർ മുഹമ്മദും മിസ്റ്റർ സാജനും ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ലാഭം വീതിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ബിസിനസ്സ് ആരംഭിക്കുവാൻ തീരുമാനിച്ചു. ഈ ബിസിനസ്സ് ഏതാണെന്ന് കണ്ടെത്തുക. ഇതിന്റെ **4** നേട്ടങ്ങളും **3** കോട്ടങ്ങളും വിശദീകരിക്കുക. **(8)**

**32.** ഇന്ത്യയിലെ വാണിജ്യ ബാങ്കുകളുടെ പ്രധാന ധർമ്മങ്ങൾ വിവരിക്കുക. **(8)**

**33.** നമ്മുടെ രാജ്യത്തെ കമ്പനികൾക്ക് ലഭ്യമാകുന്ന വിവിധ ബാഹ്യ ധനകാര്യ ഉറവിടങ്ങളെക്കുറിച്ച് വിവരിക്കുക. **(8)**